പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 29 — 09-03-2015 - ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ കടബാധ്യത

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.തോമസ് ഉണ്ണിയാടൻ**<br>**ശ്രീ.റ്റി.യു.കുരുവിള**<br>**ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) | ഏറ്റവും പിന്നോക്കാവസ്ഥയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കടബാധ്യത എഴുതിത്തള്ളുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിങ്ങിൽ വന്ന കാലതാമസം മൂലമാണ് മത്സ്യത്തൊഴിലാളികളുടെ കടബാധ്യത എഴുതിത്തള്ളുന്നതിൽ താമസം വന്നത്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ യഥാസമയം പരിശോധനകൾ നടത്തി അർഹരായവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്തി ഇതുവരെയായി 7 ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കടാശ്വാസ തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇനിയും തീരുമാനമെടുക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനായി അവസാനഘട്ട സിറ്റിംഗുകൾ കമ്മീഷൻ സംഘടിപ്പിച്ചുവരുന്നു. |
| ബി) | മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയ്ക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം നീട്ടി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിലുണ്ടായിരുന്ന മോറട്ടോറിയത്തിന്റെ കാലാവധി 2015 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ